# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3018 13.07.2015-ൽ മറുപടിയ്ക്ക്

### വർഗ്ഗീയ, രാഷ്ട്രീയ സംഘർഷങ്ങളുടെ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ പി. ബി. അബ്ദുൾ റസാക്<br>ശ്രീ എം. ഉമ്മർ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സമാധാനപരമായ സാമൂഹ്യ ജീവിതത്തിന് വൻഭീഷണി സൃഷ്ടിക്കുന്ന ആയുധ നിർമ്മാണവും ബോംബു നിർമ്മാണവും നിയന്ത്രിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദ വിവരം നല്കുമോ ; | (എ) ആയുധ നിർമ്മാണവും ബോംബു നിർമ്മാണവും നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പോലീസ് കർശന ജാഗ്രത പാലിച്ചും നിരീക്ഷണങ്ങൾ നടത്തിയും ആയുധങ്ങൾ, ബോംബ് എന്നിവ നിർമ്മിക്കുകയും കൈവശം വയ്ക്കുകയും ചെയ്യുന്നവർക്കെതിരെ Arms Act പ്രകാരവും Explosive Substance Act പ്രകാരവും കേസുകൾ എടുത്തും ബോംബ് സ്ക്വാഡും സ്പെഷ്യൽ സ്ക്വാഡും നിരന്തരം റെയ്ഡുകൾ നടത്തി ബോംബുകൾ കണ്ടെത്തിയും ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങി ബോംബ്, ആയുധങ്ങൾ എന്നിവ ശേഖരിച്ച് വയ്ക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. വാഹന പരിശോധനയും റെയിൽവെ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ സ്ഥിരമായി പട്രോളിംഗ് നടത്തിയും വരുന്നു. ആയുധ ലൈസൻസ്, നൽകുമ്പോഴും പുതുക്കുമ്പോഴും നിലവിലുള്ള നിയമ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നുമുണ്ട്. |
| (ബി) ബോംബുകൾ നിർമ്മിക്കുന്നതിനിടെയുണ്ടാകുന്ന അപകടങ്ങൾ വരാനിരിക്കുന്ന വർഗ്ഗീയ, രാഷ്ട്രീയ സംഘർഷങ്ങളുടെ സൂചനയാവാമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനമേഖലയിൽ രാഷ്ട്രീയപാർട്ടി പ്രവർത്തകർ ഉൾപ്പെട്ട, മരണമോ, ഗുരുതര പരിക്കോ ഉണ്ടായ ബോംബ് അപകടങ്ങളെക്കുറിച്ചുള്ള വിശദ വിവരം വെളിപ്പെടുത്തുമോ ; | (ബി) പരിശോധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബോംബ് സ്ഫോടനം മൂലം മരണം ഉണ്ടായ ഒരു സംഭവവും പരിക്കേറ്റ ഏഴ് സംഭവങ്ങളും കണ്ണൂർ ജില്ലയിൽ ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (സി) പ്രസ്തുത പ്രവണത അവസാനിപ്പിക്കാൻ സമവായമുണ്ടാക്കുന്നതിനായി സർവ്വ കക്ഷിയോഗം വിളിക്കുമോ ? | (സി) ഇത്തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ സമാധാനാന്തരീക്ഷം പുനസ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിലേക്കും വേണ്ടി പ്രാദേശിക/ജില്ലാ തലത്തിൽ സർവ്വകക്ഷിയോഗങ്ങൾ വിളിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1) കൊളവല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ഈസ്റ്റ് ചെറ്റക്കണ്ടി എന്ന സ്ഥലത്ത് 06.06.2015 തീയതി ചാത്തുക്കുട്ടി എന്നയാളുടെ ആളൊഴിഞ്ഞ പറമ്പിൽ വച്ച് ബോംബ് നിർമ്മാണത്തിനിടെ ഉണ്ടായ സ്ഫോടനത്തിൽ സി.പി.എം. പ്രവർത്തകരായ 1) ഷൈജു S/o കൃഷ്ണൻ, 2) സുബീഷ് S/o കൃഷ്ണൻ എന്നിവർ മരണപ്പെടുകയും 1) രതീശൻ S/o കുമാരൻ, 2) നിജീഷ് S/o ബാലൻ എന്നിവർക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ കൊളവല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം നം 489/15 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസ് അന്വേഷണാവസ്ഥയിലാണ്.

2) ന്യൂ മാഹി പോലീസ് സ്റ്റേഷൻ പരിധിയിൽ പർസിക്കുന്ന് എന്ന സ്ഥലത്ത് 05.12.2014 തീയതി ബി.ജെ.പി. പ്രവർത്തകർ ആയുധങ്ങളുമായി ഒത്തുകൂടുന്നുണ്ട് എന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എത്തിയ പോലീസ് പാർട്ടിയെക്കണ്ട് ഓടി പോകുന്ന അവസരം കൈയ്യിലുണ്ടായിരുന്ന ബോംബ് പൊട്ടി ബി.ജെ.പി. പ്രവർത്തകനായ മഹേഷ് എന്നയാൾക്ക് കാലിനു ഗുരുതരമായി പരിക്കേൽക്കുകയും ന്യൂ മാഹി പോലീസ് സ്റ്റേഷൻ ക്രൈം നം. 744/14 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ കേസ് അന്വേഷണവസ്ഥയിലാണ്.

3) കതിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ പൊട്ടൻപാറ എന്ന സ്ഥലത്ത് വച്ച് 18.01.2015 തീയതി സി.പി.എം. പ്രവർത്തകരായ ജീവൻ, നിതിൻ, അതുൽ എന്നിവർ ചേർന്ന് ബോംബ് നിർമ്മിക്കുന്നതിനിടെ ഉണ്ടായ സ്ഫോടനത്തിൽ ജീവൻ എന്നയാൾക്ക് ഗുരുതരമായി പരിക്കേറ്റ് രണ്ടു കൈപ്പത്തിയും നഷ്ടപ്പെട്ടിട്ടുള്ളതാണ്. മറ്റു രണ്ടു പേർക്ക് നിസ്സാര പരിക്കേറ്റ ഈ സംഭവത്തിന് കതിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നം 75/15 ആയി കേസ് രജിസ്റ്റർ ചെയ്തു അന്വേഷിച്ചു വരുന്നു.

4) ചക്കരക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ ചെക്കിക്കുളം എന്ന സ്ഥലത്ത് വച്ച് 19.05.2012 തീയതി സി.പി.എം. പ്രവർത്തകർ ബോംബ് നിർമ്മാണം നടത്തവേ സുദേഷ് എന്ന സി.പി.എം. പ്രവർത്തകന് വലതു കൈക്ക് ഗുരുതരമായി പരിക്കേറ്റ സംഭവത്തിൽ ക്രൈം നം. 322/15 ആയി കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരുന്നു.

5) ഇരിട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ ഈയം ബോർഡ് എന്ന സ്ഥലത്ത് വച്ച് 13.05.2012 തീയതി ചന്ദ്രോത്ത് രവീന്ദ്രൻ എന്ന സി.പി.എം. പ്രവർത്തകന്റെ വീട്ടിൽ അനധികൃതമായി സൂക്ഷിച്ച സ്ഫോടകവസ്തുക്കൾ പൊട്ടിത്തെറിച്ച് വീട് പൂർണ്ണമായും തകരുകയും വീട്ടിലുണ്ടായിരുന്ന ടിയാന്റെ മകൻ റോഷിൻ എന്നയാൾക്ക് ഗുരുതരമായി പരിക്കേറ്റ സംഭവത്തിൽ ഇരിട്ടി പോലീസ് സ്റ്റേഷൻ ക്രൈം നം. 620/12 ആയി കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരുന്നു.

6) മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ മരുതായി എന്ന സ്ഥലത്ത് വച്ച് 10.09.2014-ൽ ബി.ജെ.പി. പ്രവർത്തകൻ കെ. നിജിൽ എന്നയാളുടെ വീട്ടിൽ വച്ച് ബോംബ് നിർമ്മിക്കുന്നതിനിടെ ഉണ്ടായ സ്ഫോടനത്തിൽ ഗുരുതരമായി പരിക്കേറ്റ സംഭവത്തിൽ മട്ടന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 878/14 ആയി കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരുന്നു.

7) കൊളവല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ പാറാട് എന്ന സ്ഥലത്ത് 03.10.2013 തീയതി എസ്.ഡി.പി.ഐ. പ്രവർത്തകരായ 1) അഫ്സൽ S/o അഷറഫ്, 2) ജാസിം വി. പി. S/o അബൂബക്കർ, 3) മുഹമ്മദ് കെ. S/o റസാഖ്, 4) മുനവർ പി. പി. S/o ഹാജി എന്നിവർ ചേർന്ന് ഏതോ കുറ്റകൃത്യം നിർവഹിക്കാൻ അനധികൃതമായി ബോംബ് നിർമ്മിക്കുന്നതിനിടെ സ്ഫോടനം നടന്ന് പ്രതികൾക്ക് പരിക്ക് പറ്റിയ സംഭവത്തിനു കൊളവല്ലൂർ പോലിസ് ക്രൈം നം. 743/13 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ് അന്വേഷണാവസ്ഥയിലാണ്.

8) ധർമ്മടം പോലീസ് സ്റ്റേഷൻ പരിധിയിൽ ചിറക്കുനി എന്ന സ്ഥലത്ത് 22.05.2011 തീയതി സ്ഫോടകവസ്തു നിർമ്മിക്കുന്നതിനിടെ പൊട്ടിത്തെറിച്ച് സി.പി.എം. പ്രവർത്തകനായ ഷിബിൻ S/o സദാനന്ദൻ എന്നയാൾക്ക് ഗുരുതരമായി പരിക്കേറ്റ് ഇടതു കൈപ്പത്തി നഷ്ടപ്പെടുകയും ഇതുമായി ബന്ധപ്പെട്ട് ധർമ്മടം പോലീസ് സ്റ്റേഷനിൽ ക്രൈം നം 218/11 ആയി കേസ് രജിസ്റ്റർ ചെയ്ത കേസ് വിചാരണാവസ്ഥയിലാണ്.

സെക്ഷൻ ഓഫീസർ